സംഘടന

റഹീം മേച്ചേരി

# മുസ്‌ലിംലീഗും കേരളരാഷ്ട്രീയവും

**1906-ൽ** ധാക്കയിൽ രൂപംകൊണ്ട മുസ്‌ലിംലീഗിന്റെ സന്ദേശം മലബാറിൽ എത്തുന്നത് മൂന്ന് പതിറ്റാണ്ടുകൾക്ക് ശേഷം മാത്രമാണ്. മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു അന്ന് മലബാറെങ്കിലും ഇവിടെ മുസ്‌ലിംലീഗ് പ്രവർത്തനം തുടങ്ങുന്നത് 1937-ൽ മാത്രമാണ്. ഏതാണ്ടീ കാലഘട്ടത്തിൽ തന്നെയാണ് *ചന്ദ്രിക* ദിനപത്രവും ആരംഭിക്കുന്നത്. ആദ്യം വാരികയായി തുടങ്ങിയ *ചന്ദ്രിക* പിന്നീട് ദിനപത്രമായി തീരുകയായിരുന്നു. മദിരാശി സംസ്ഥാനത്തിന്റെ മറ്റുചില ഭാഗങ്ങളിൽ പ്രസിദ്ധ സ്വാതന്ത്ര്യ സമരസേനാനിയായിരുന്ന യഅ്ഖൂബ്ഹസൻ സേട്ട്, സമുന്നത വിദ്യാഭ്യാസപ്രവർത്തകനായിരുന്ന ജമാൽ മുഹമ്മദ് (ഇദ്ദേഹത്തിന്റെ സ്മാരകമായാണ് തൃശ്ശിനാപള്ളി ജമാൽ മുഹമ്മദ് കോളേജ് സ്ഥാപിതമായത്) എന്നിവരുടെ നേതൃത്വത്തിൽ 1916-ൽ തന്നെ മുസ്‌ലിംലീഗ് പ്രവർത്തനം ആരംഭിച്ചിരുന്നതായി കേരളത്തിലെ മുസ്‌ലിംലീഗിന്റെ ചരിത്രമെഴുതിയ കെ.എം സീതിസാഹിബ് പറയുന്നു. അറയ്ക്കൽ അബ്ദുർറഹ്മാൻ ആലിതങ്ങൾ പ്രസിഡന്റും, സത്താർ സേട്ട് ജനറൽ സെക്രട്ടറിയും, കെ.എം സീതി സാഹിബ് ജോ. സെക്രട്ടറിയും സി.പി മമ്മുക്കേയി ട്രഷററുമായി മലബാർ ജില്ലാ മുസ്‌ലിംലീഗ് കമ്മിറ്റി രൂപംകൊള്ളുന്നതിനു മുമ്പ് തലശ്ശേരിയിലും തിരൂരങ്ങാടിയിലും മാത്രമായിരുന്നു രണ്ട് മുസ്‌ലിംലീഗ് യൂനിറ്റുകൾ ഉണ്ടായിരുന്നത്. കെ.എം മൗലവിയുടെ നേതൃത്വത്തിൽ തിരൂരങ്ങാടി യൂനിറ്റും പി.വി മുഹമ്മദ് മൗലവിയുടെ നേതൃത്വത്തിൽ തലശ്ശേരി യൂനിറ്റും പ്രവർത്തിച്ചു.

തെക്കൻ കർണാടകയുടെ ഭാഗമായിരുന്ന കാസർകോട് ഭാഗത്ത് മുസ്‌ലിം വിദ്യാഭ്യാസ നവോത്ഥാന നായകനായിരുന്ന മാഹിൻ ശംനാട്, മഹ്മൂദ് ശംനാട് തുടങ്ങിയവരുടെ നേതൃത്വത്തിലും മുസ്‌ലിംലീഗ് പ്രവർത്തിച്ചിരുന്നു. രാഷ്ട്രീയ പ്രവർത്തനത്തോടൊപ്പം വിദ്യാഭ്യാസ പ്രവർത്തനവും നടത്തിയിരുന്നു എന്നത് ആ കാലഘട്ടത്തിലെ ലീഗ് പ്രവർത്തനത്തിന്റെ സവിശേഷതയായി കാണാവുന്നതാണ്. ലീഗ് നേതാക്കളിൽ പലരും മലബാറിലെ മുസ്‌ലിം സമുദായത്തിന്റെ മത-വിദ്യാഭ്യാസ നവോത്ഥാന സംരംഭങ്ങളുമായി ബന്ധപ്പെട്ടവരായിരുന്നു എന്നത് എടുത്തു പറയാവുന്ന പ്രത്യേകതയാണ്.

രാഷ്ട്രീയമായി മുസ്‌ലിം സമൂഹത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതോടൊപ്പംതന്നെ വിദ്യാഭ്യാസരംഗത്ത് സമുദായത്തെ മുമ്പോട്ടു നയിക്കാനും, മതപരമായ ബോധം സൃഷ്ടിക്കാനും മുസ്‌ലിം ലീഗ് ശ്രദ്ധിച്ചിരുന്നു എന്ന് മലബാർ ജില്ലാ മുസ്‌ലിംലീഗിന്റെ പഴയ രേഖകളും സർക്കുലറുകളും വ്യക്തമാക്കുന്നു. സ്കോളർഷിപ്പു പദ്ധതികൾ അന്ന് ലീഗ് ആവിഷ്കരിച്ചിരുന്നു. മലബാറിലെ മുസ്‌ലിം സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ചിലരെങ്കിലും മുസ്‌ലിം ലീഗിന്റെ സ്കോളർഷിപ്പ് വാങ്ങി പഠിച്ചവരാണ്. പിൽക്കാലത്ത് രാഷ്ട്രീയത്തിന്റെ അതിപ്രസരം മൂലം ലൈബ്രറികൾ സ്ഥാപിക്കുന്നതിൽനിന്നും വായനാസംസ്കാരം വളർത്തിയെടുക്കുന്നതിൽനിന്നും ലീഗ് പിറകോട്ടുപോയി എന്ന് പലരും ചൂണ്ടിക്കാണിക്കാറുണ്ട്. എന്നാൽ, മുസ്‌ലിം സമൂഹം വിദ്യാഭ്യാസ രംഗത്ത് ഏറെ പിന്നിൽനിന്ന ഒരു കാലഘട്ടത്തിൽ അഭ്യസ്തവിദ്യരും പുരോഗമനാശയക്കാരുമായ വ്യക്തികൾ ലീഗിന്റെ തലപ്പത്തുണ്ടായിരുന്നു. മുസ്‌ലിംലീഗിന്റെ കീഴിൽ ലൈബ്രറികളും വായനശാലകളും പ്രവർത്തിക്കുകയും ചെയ്തിരുന്നു. സത്താർ സേട്ട്, മഹ്മൂദ് ശംനാട് എന്നിവർ തൊട്ട് എ.കെ ഖാദിർകുട്ടി, മുൻ കെ.പി.സി.സി പ്രസിഡന്റ് പി.കെ മൊയ്തീൻകുട്ടി തുടങ്ങി പിൽക്കാലത്ത് രാഷ്ട്രീയരംഗത്തു വഴിമാറി സഞ്ചരിച്ച പല പ്രമുഖരും മുസ്‌ലിംലീഗിന്റെ നിയമസഭാംഗങ്ങളായിരുന്നു. സോഷ്യലിസ്റ്റു നേതാവായിരുന്ന പി.കെ കുഞ്ഞു, കേരളത്തിലെ ആദ്യകാല ട്രേഡ് യൂനിയൻ നേതാക്കളിലൊരാളായിരുന്ന പി.എസ് മുഹമ്മദ് തുടങ്ങിയവർ മുസ്‌ലിംലീഗിലൂടെയാണ് രംഗത്തുവന്നത്. തിരുകൊച്ചിയിലെ ആദ്യത്തെ കർഷക തൊഴിലാളി സംഘടനാ നേതൃത്വത്തിൽ കെ.എം സീതിസാഹിബും സഹോദരൻ കെ.എം ഇബ്റാഹീമും ഉണ്ടായിരുന്നതായി ഇ.എം.എസ് കേരളത്തിലെ കമ്യൂണിസ്റ്റ് പാർട്ടി ചരിത്രത്തിൽ പറയുന്നു. കേരളത്തിലെ ഇസ്‌ലാമിക പ്രസ്ഥാനരംഗത്ത് ശ്രദ്ധേയരായിരുന്ന ടി. മുഹമ്മദ് സാഹിബ്, എസ്.എം ഹനീഫ, ഹസൻ റിസ തുടങ്ങിയവരും ലീഗ് രംഗത്ത് പ്രവർത്തിച്ചിട്ടുണ്ട്.

കോൺഗ്രസ്സും മുസ്‌ലിംലീഗുമായി ആശയപരമായ ഭിന്നതകൾ നിലനിന്നിരുന്നെങ്കിലും രണ്ടാം

ലോകയുദ്ധകാലത്ത് ബ്രിട്ടീഷ് ഗവൺമെന്റിന്റെ യുദ്ധസഹായ സമിതികളിൽനിന്ന് മുസ്‌ലിംലീഗ് അകന്നുനിന്നിരുന്നു എന്നാണ് സീതിസാഹിബ് പറയുന്നത്. ലക്ഷദ്വീപുകൾ ബ്രിട്ടീഷ് ഇന്ത്യയിൽ ചേർത്തതിന് നഷ്ടപരിഹാരമായി ബ്രിട്ടീഷ് ഗവൺമെന്റ് അറക്കൽ രാജസ്വരൂപത്തിന് പ്രതിവർഷം 25000 രൂപ മാലിഖാൻ നൽകിയിരുന്നു. ആ മാലിഖാൻ നിർത്തലാക്കുമെന്ന ഭീഷണിയെ അവഗണിച്ചുകൊണ്ടായിരുന്നു സുൽത്താൻ ആലി രാജ ആ യുദ്ധ സഹായ സമിതിയിൽനിന്ന് രാജിവെച്ചത്. മഹാത്മജിയുടെ പ്രസംഗ പരിഭാഷകൻ എന്ന നിലയിൽ ശ്രദ്ധേയനായിത്തീർന്ന സീതി സാഹിബിനെ തന്റെ 'യുദ്ധപ്രസംഗ'ത്തിന്റെ വിവർത്തകനായിക്കിട്ടാൻ മദിരാശി ഗവർണർ സർ ആർതർഹോപ്പ് ശ്രമിച്ചിരുന്നെങ്കിലും ഗവർണറുടെ ഓഫർ നിരസിച്ചുകൊണ്ടാണ് സീതിസാഹിബ് യുദ്ധവിരുദ്ധ നിലപാട് സ്വീകരിച്ചത്. മുസ്‌ലിം ലീഗുകാർ ബ്രിട്ടീഷനുകൂലികളും മുസ്‌ലിംലീഗ് ബ്രിട്ടീഷനുകൂല സംഘടനയുമായിരുന്നു എന്ന ധാരണ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കോൺഗ്രസ്സിനു മുമ്പേ പൂർണ സ്വരാജ് വാദിച്ച ഹസ്രത്ത് മാഹാനി, ഡോ. എം.എ അൻസ്വാരി, മൗലാനാ മുഹമ്മദലി, ഹകീം അജ്മൽ ഖാൻ, യാഖൂബ്ഹസൻ സേട്ട് എന്നിവരടക്കമുള്ള കറകളഞ്ഞ ദേശസ്നേഹികളുടെ പ്രസ്ഥാനമായിരുന്നു സർവേന്ത്യാ മുസ്‌ലിംലീഗ്. ഇന്ത്യൻ നാഷ്നൽ കോൺഗ്രസ് 1929-ൽ പൂർണ സ്വരാജ് അംഗീകരിച്ച ലാഹോർ സമ്മേളനത്തിൽ കൊച്ചിൻ സ്റ്റേറ്റിനെ പ്രതിനിധീകരിച്ചത് രണ്ട് ന്യൂനപക്ഷസമുദായക്കാരായിരുന്നു. അവരിൽ ഒരാൾ സീതിസാഹിബായിരുന്നു എന്ന് സ്വാതന്ത്ര്യസമര സേനാനിയായ എം.എൻ സത്യാർഥി പറയുന്നു (സീതിസാഹിബ് സ്മാരക ഗ്രന്ഥം). കേരളത്തിലെ മുസ്‌ലിംലീഗിന്റെ ചരിത്രം 1937-ൽനിന്ന് തുടങ്ങുന്നു എന്ന് 1958-ൽ (സ്വാതന്ത്ര്യം കിട്ടി 10 വർഷം തികയും മുമ്പ്) എഴുതാൻ കെ.എം സീതി സാഹിബ് ആർജവം കാണിച്ചിട്ടുണ്ട്. എന്നിട്ടും ആ ലീഗുമായി ഇന്നത്തെ ലീഗിന് ബന്ധമില്ല എന്ന് പറയുമ്പോൾ ഒരു ചരിത്രവിദ്യാർഥി എന്ന നിലക്ക് അംഗീകരിക്കാൻ നിവൃത്തിയില്ല. ബ്രിട്ടീഷ് വിരോധം മൂലം ഖാൻ ബഹദൂർ പട്ടങ്ങൾ ഉപേക്ഷിക്കാൻ നാൽപതുകളിൽ ലീഗ് ആഹ്വാനം ചെയ്തിരുന്നു.

സ്വാതന്ത്ര്യത്തിനുശേഷം പ്രതിസന്ധികൾ നിറഞ്ഞ കാലഘട്ടത്തിലൂടെയാണ് ലീഗ് കടന്നുപോയത്. വിഭജനത്തിനുത്തരവാദികൾ എന്ന് മുദ്രകുത്തി മുസ്‌ലിംസമുദായത്തെ ദേശീയ ജീവിതത്തിന്റെ മുഖ്യധാരയിൽനിന്നകറ്റി മാറ്റാൻ ബോധപൂർവവും ആസൂത്രിതവുമായ ശ്രമങ്ങൾ നടക്കുമ്പോൾ, വ്യതിരിക്തമായ ഒരു മുസ്‌ലിം രാഷ്ട്രീയ പ്രസ്ഥാനമായി മുസ്‌ലിംലീഗിന് നിലനിൽക്കാൻ ഏറെ വെല്ലുവിളികളെ നേരിടേണ്ടതുണ്ടായിരുന്നു. ആർജവവും അർപ്പണബോധവും ആദർശ ധീരതയുമുണ്ടായിരുന്ന ലീഗ് നേതൃത്വം വെല്ലുവിളികളെ നേരിട്ടു. മദിരാശി നിയമസഭയിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ ഹസ്സൻകുട്ടി കുരിക്കളെ മലപ്പുറത്ത് മത്സരിപ്പിച്ചുകൊണ്ട്, ഹൈദരാബാദ് ആക്ഷനും, രാമസിംഹൻ കൊലക്കേസുമൊക്കെ സൃഷ്ടിച്ച ഭീഷണാത്മകമായ അന്തരീക്ഷത്തിൽ ബാഫഖിതങ്ങളും സീതി സാഹിബും പോക്കർ സാഹിബും മറ്റും കാണിച്ച അസാമാന്യമായ ധീരത തലമുറകളെ ആവേശം കൊള്ളിക്കുന്നതായിരുന്നു. 1952-ലെ ഒന്നാം പൊതു തെരഞ്ഞെടുപ്പിൽ മദിരാശി നിയമസഭയിലേക്ക് അഞ്ചുപേരെയും ലോക്സഭയിലേക്ക് ഒരാളെയും വിജയിപ്പിച്ചുകൊണ്ട് തുടക്കം കുറിച്ച തെരഞ്ഞെടുപ്പ് പോരാട്ടങ്ങളിൽ അപൂർവമായ ചില പരാജയങ്ങൾ മാത്രമേ ലീഗിനുണ്ടായുള്ളൂ. മദിരാശി സ്റ്റേറ്റിൽ ആർക്കും മന്ത്രിസഭ രൂപീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായപ്പോൾ കോൺഗ്രസ് നേതാവ് രാജാജിക്ക് മുസ്‌ലിം ലീഗ് നൽകിയ നിരുപാധിക പിന്തുണയും, കോൺഗ്രസ് നിയമസഭാ പാർട്ടിയിലെ അസോസിയേറ്റഡ് അംഗങ്ങളായി മലബാറിലെ അഞ്ച് ലീഗ് പ്രതിനിധികളെ കണക്കാക്കിയതും, കോൺഗ്രസ് പിന്തുണയോടെ മുഹമ്മദ് ഇസ്മാഈൽ സാഹിബിനെ രാജ്യസഭയിൽ അയച്ചതും പ്രതിസന്ധികൾ നിറഞ്ഞ ആ കാലഘട്ടത്തിലും ലീഗിന് വളർച്ചക്കുള്ള വഴിയൊരുക്കി. 1954-ൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് തെരഞ്ഞെടുപ്പിൽ ജയിച്ച ലീഗിന്റെ ഏഴ് അംഗങ്ങളുടെ ക്രിയാത്മക പിന്തുണയോടെയായിരുന്നു കമ്യൂണിസ്റ്റ് ബുദ്ധിജീവിയും, കറകളഞ്ഞ മതേതരവാദിയുമായ പി.ടി ഭാസ്കരപണിക്കർ അധ്യക്ഷനായ ഭരണസമിതി നിലനിന്നത്. ഏറനാട്, വള്ളുവനാട് താലൂക്കുകളിൽ പുതിയ വിദ്യാലയങ്ങൾ ആരംഭിക്കാൻ ലീഗിന്റെ ഈ ക്രിയാത്മക നിലപാട് ഏറെ സഹായിച്ചിട്ടുണ്ട്.

1957-ലെ കേരള നിയമസഭയിലേക്കുള്ള ഒന്നാം തെരഞ്ഞെടുപ്പിൽ മുസ്‌ലിംലീഗ് പി.എസ്.പി സഖ്യം 17 സ്ഥാനാർഥികളെ വിജയിപ്പിച്ചു. ലീഗ് പിന്തുണയോടെ വി.ആർ കൃഷ്ണയ്യർ, ഡോ. എ.ആർ മേനോൻ, പി.കെ കോരു തുടങ്ങിയ സ്വതന്ത്രരും ജയിച്ചു. ആ സ്വതന്ത്രരുടെ പിന്തുണയോടെ ഇ.എം.എസ് മുഖ്യമന്ത്രിയായി. ന്യൂനപക്ഷമായ വിഭാഗങ്ങളുടെ വിദ്യാഭ്യാസാവകാശങ്ങളിൽ കൈവെക്കാൻ കമ്യൂണിസ്റ്റ് മന്ത്രിസഭ ശ്രമിച്ചപ്പോൾ ആളിപ്പടർന്ന ജനകീയപ്രക്ഷോഭം കേരള രാഷ്ട്രീയത്തിൽ ലീഗിനെ അവഗണിക്കാനാവാത്ത ശക്തിയാക്കിമാറ്റി. പ്രക്ഷോഭത്തിന്റെ അന്ത്യത്തിൽ ഇ.എം.എസ് സർക്കാർ നിലംപതിക്കുകയും, കോൺഗ്രസ്-ലീഗ്-പി.എസ്.പി മുന്നണി അധികാരത്തിലേറുകയും ചെയ്തു. പക്ഷേ, മുസ്‌ലിംലീഗിന് വർഗീയ കക്ഷി എന്ന നിലയിൽ മന്ത്രിസഭാ പ്രവേശനം നിഷേധിക്കപ്പെടുകയും സീതിസാഹിബും അദ്ദേഹം മരിച്ചശേഷം സി.എച്ച് മുഹമ്മദ് കോയയും സ്പീക്കറാവുകയും ചെയ്തു. വിഷമത്തോടെ തന്നെ ഭരണമുന്നണിയിൽ തുടർന്ന

ലീഗിനെ ദർഗാപൂർ പ്രമേയത്തിലൂടെ കോൺഗ്രസ് വീണ്ടും ആക്രമിച്ചപ്പോൾ അഭിമാനക്ഷതമേറ്റ ലീഗ് കോൺഗ്രസ് മുന്നണി വിട്ടു. '62-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഒറ്റയ്ക്കു നിന്ന് രണ്ടു സീറ്റുകൾ നേടി (നേരത്തെ ഒരു സീറ്റ്). 1965-ൽ മുസ്‌ലിം ലീഗ് സി.പി.എമ്മുമായി ധാരണയിൽ മത്സരിച്ചെങ്കിലും ആർക്കും ഭൂരിപക്ഷമില്ലാതെ വന്നതിനാൽ നിയമസഭ ചേർന്നില്ല. 1966-ൽ മദിരാശിയിൽ ചേർന്ന മുസ്‌ലിംലീഗ് ദേശീയ സമിതി കോൺഗ്രസ്സിന്റെ ഏകാധിപത്യവും ദുർഭരണവും അവസാനിപ്പിക്കാൻ ജനസംഘമിതര പ്രതിപക്ഷ കക്ഷികളുമായി സഹകരിക്കാൻ തീരുമാനിച്ചു. ദേശീയ തലത്തിൽ എ.ജെ ഫരീദിയുടെയും ഡോ. സയ്യിദ് മഹ്മൂദിന്റെയും മറ്റും നേതൃത്വത്തിൽ മുസ്‌ലിം മജ്‌ലിസെ മുശാവറയും സ്വീകരിച്ച രാഷ്ട്രീയ നിലപാട് ഇതായിരുന്നു. തമിഴ്‌നാട്ടിൽ മുസ്‌ലിംലീഗ്-ഡി.എം.കെ സ്വതന്ത്ര പാർട്ടി മുന്നണിയും കേരളത്തിൽ സി.പി.എം-സി.പി.ഐ-ലീഗ്-സോഷ്യലിസ്റ്റ് മുന്നണിയും അധികാരത്തിൽ വന്നു. കേരളത്തിൽ ലീഗിന്റെ 14 എം.എൽ.എമാരും രണ്ട് എം.പിമാരും ജയിച്ചു. ആദ്യമായി സംസ്ഥാന മന്ത്രിസഭയിൽ ലീഗ് അംഗമായി. സി.എച്ച് മുഹമ്മദ് കോയ വിദ്യാഭ്യാസമന്ത്രിയും അഹ്മദ് കുരിക്കൾ തദ്ദേശ സ്വയംഭരണ മന്ത്രിയുമായി. ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന അധികാര വികേന്ദ്രീകരണത്തിന് ആത്മാർഥമായ തുടക്കം കുറിച്ചത് കുരിക്കളായിരുന്നു എന്ന് ഇ.എം.എസ് തന്നെ അംഗീകരിച്ചിട്ടുണ്ട് (പഞ്ചായത്ത് രാജ്, ജനുവരി '98). കാലിക്കറ്റ് സർവകലാശാലാ രൂപീകരണം, പുതിയ സർവകലാശാലാ ബിൽ, എസ്.എസ്.എൽ.സി വരെ സൗജന്യ വിദ്യാഭ്യാസം, കോളേജ് അധ്യാപകർക്ക് നേരിട്ട് ശമ്പളം, അറബി അധ്യാപകരെ ഭാഷാ അധ്യാപകരായി അംഗീകരിച്ചത്, പിന്നാക്ക പ്രദേശങ്ങളിൽ പുതിയ വിദ്യാലയങ്ങൾ തുടങ്ങിയത്, മുസ്‌ലിം സ്ത്രീവിദ്യാഭ്യാസത്തിന് പ്രോത്സാഹനം, വിദ്യാർഥികൾക്ക് യൂനിവേഴ്സിറ്റി സെനറ്റിൽ പ്രാതിനിധ്യം തുടങ്ങിയ ശ്രദ്ധേയങ്ങളായ ഒട്ടേറെ നടപടികൾ വിദ്യാഭ്യാസരംഗത്ത് നടപ്പാക്കിയത് ഈ ഘട്ടത്തിലായിരുന്നു. എന്നാൽ മുന്നണിയിലെ മാർക്സിസ്റ്റ് വല്യേട്ടൻ നയം സൃഷ്ടിച്ച ശിഥിലീകരണം മുന്നണിയെ തകർത്തു. ചില മന്ത്രിമാർക്കെതിരായ അഴിമതിയാരോപണമന്വേഷിക്കാൻ ഇ.എം.എസ് തയാറാകാതിരുന്നപ്പോൾ സി.പി.ഐ, ആർ.എസ്.പി, എസ്.എസ്.പി കക്ഷികൾക്കൊപ്പം ലീഗും മുന്നണിവിട്ടു. എന്നാൽ സി.പി.ഐ, എസ്.എസ്.പി മന്ത്രിമാർക്ക് എതിരെ അഴിമതി ആരോപണം ഉന്നയിച്ചു അവരുടെ മന്ത്രിമാരെക്കുറിച്ചന്വേഷിക്കാൻ മുഖ്യമന്ത്രി ഇ.എം.എസ് ഉത്തരവിട്ടപ്പോൾ പോലും ലീഗിലെ രണ്ടു മന്ത്രിമാർക്കെതിരെ -സി.എച്ചും നഹയും- ഒരു ചെറിയ ആരോപണം പോലും ഉന്നയിക്കാൻ സി.പി.എം ശ്രമിച്ചില്ലെന്നത് ലീഗിന്റെ കഴിഞ്ഞകാല ചരിത്രത്തിൽ തങ്കത്തിളക്കമേറിയ ഒരു കാലഘട്ടത്തെ അനുസ്മരിപ്പിക്കുന്നു.

തുടർന്നുവന്ന അച്യുതമേനോൻ മന്ത്രിസഭയിൽ സി.എച്ചിനെ ആഭ്യന്തരവകുപ്പ് ഏൽപ്പിച്ചു. ക്രമസമാധാന പാലനരംഗത്ത് സി.എച്ച് കാണിച്ച നിഷ്പക്ഷവും നീതിപൂർവകവുമായ നിലപാടിനെ ജനസംഘം നേതാവ് ഒ. രാജഗോപാൽ പോലും പ്രശംസിക്കുകയുണ്ടായി. കേരള രാഷ്ട്രീയ ചരിത്രത്തിൽ അവിസ്മരണീയങ്ങളായ നേട്ടങ്ങൾ സൃഷ്ടിച്ച മേനോൻ മന്ത്രിസഭയിൽ ലീഗിന് പ്രധാന സ്ഥാനമുണ്ടായിരുന്നു. കേരളത്തിൽ സാമൂഹിക പരിവർത്തനത്തിന് അസ്തിവാരമിട്ട ഭൂപരിഷ്കരണനിയമം നടപ്പിലാക്കിയത് ആ സർക്കാറായിരുന്നു. ലീഗിന് ഇക്കാലത്ത് രണ്ട് മന്ത്രിമാരും 11 എം.എൽ.എമാരും സ്പീക്കറുമുണ്ടായിരുന്നു. എന്നാൽ, നേതാക്കൾക്കിടയിലെ തികച്ചും വ്യക്തിപരമായ ചില പ്രശ്നങ്ങൾ പാർട്ടിയിൽ ഭിന്നിപ്പ് സൃഷ്ടിക്കുകയും അഖിലേന്ത്യാ ലീഗ് എന്ന പേരിൽ പുതിയ പാർട്ടി ഉണ്ടാവുകയും ചെയ്തു. അവർ മാർക്സിസ്റ്റ് മുന്നണിയിൽ അംഗമാവുകയും ചെയ്തു. അച്യുതമേനോൻ ഭരണകാലത്ത് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടപ്പോൾ ഐ.യു.എം.എൽ അതിനെ അനുകൂലിച്ചു. എ.ഐ.എം.എൽ എതിർത്തു. എ.ഐ.എം.എൽ നേതാക്കൾ ജയിലിലടക്കപ്പെട്ടു. 1977-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്, സി.പി.ഐ, ഐ.യു.എം.എൽ മുന്നണി ജയിച്ചു. പക്ഷേ, മഹാ ഭൂരിപക്ഷമുണ്ടായിട്ടും കോൺഗ്രസ് മുന്നണി മുമ്പോട്ട് പോയില്ല. കേന്ദ്രത്തിലും സ്റ്റേറ്റിലും കോൺഗ്രസ് പിളർന്നു. സി.പി.ഐ ഇടതുപക്ഷത്തേക്ക് നീങ്ങി. സി.പി.ഐ നേതൃത്വം കൊടുത്ത മന്ത്രിസഭ രാജിവെച്ചു. മുസ്‌ലിം ലീഗ് അഖിലേന്ത്യാ ജനറൽ സെക്രട്ടറി മുഖ്യമന്ത്രിയായ പുതിയ മന്ത്രിസഭയെ ഇന്ദിര കോൺഗ്രസും കേരള കോൺഗ്രസ്(എം)ഗ്രൂപ്പും പിന്തുണ പിൻവലിച്ചപ്പോൾതന്നെ സി.എച്ച് നിയമസഭ പിരിച്ചുവിടാൻ ഗവർണർക്ക് ശിപാർശ ചെയ്തു രാജിവെക്കുകയായിരുന്നു. എന്നാൽ 1980-ൽ അധികാരത്തിൽവന്ന കോൺഗ്രസ്(എ)-സി.പി.എം-സി.പി.ഐ മുന്നണി മന്ത്രിസഭ വെറും രണ്ടുകൊല്ലം കൊണ്ട് തകർന്നുവീണപ്പോൾ ലീഗ്-കോൺഗ്രസ് മന്ത്രിസഭ അധികാരത്തിലേറി. ഇടക്കാല തെരഞ്ഞെടുപ്പിൽ ലീഗ് 14-ഉം അഖിലേന്ത്യാലീഗ് 4-ഉം സീറ്റ് നേടി. സി.എച്ച് മുഹമ്മദ്കോയ ഉപമുഖ്യമന്ത്രിയും, ഇ. അഹ്മദും യു.എ ബീരാനും ലീഗ് മന്ത്രിമാരുമായി. 1983-ൽ സി.എച്ച് മരിച്ചു. നഹ മന്ത്രിയായി. 1986-ൽ മാർക്സിസ്റ്റ് പാർട്ടിയുടെ ശരീഅത്ത് വിരുദ്ധനയത്തിൽ പ്രതിഷേധിച്ച് അഖിലേന്ത്യാലീഗ് മുസ്‌ലിം ലീഗിൽ തിരിച്ചെത്തി. ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീറായിരുന്ന മർഹൂം മുഹമ്മദ് യൂസുഫ് സാഹിബടക്കമുള്ളവരുടെ ശ്രമങ്ങൾ അന്നാണ് വിജയം കണ്ടത്. ലീഗുകളുടെ ലയനം സി.പി.എമ്മിന് ഹിന്ദുകാർഡ് കളിക്കാൻ സൗകര്യമായി. 1987-ൽ എൽ.ഡി.എഫ് അധികാരത്തിൽവന്നു.

മുസ്‌ലിംലീഗിൽ തെരഞ്ഞെടുപ്പിൽ 15 സീറ്റ് കിട്ടി. 1991-ൽ വീണ്ടും കോൺഗ്രസ്-ലീഗ് മുന്നണിക്ക് ജയം. ലീഗിന് നിയമസഭാ പ്രാതിനിധ്യം 19 ആയി വർധിച്ചു. മന്ത്രിമാർ 4 ആയി. കൂടാതെ ചീഫ് വിപ്പും. '96-ൽ വീണ്ടും എൽ.ഡി.എഫ് അധികാരത്തിലേറി. മുസ്‌ലിം ലീഗിപ്പോൾ പ്രതിപക്ഷ കക്ഷി. നിയമസഭയിൽ ലീഗിനിപ്പോൾ 13 അംഗങ്ങൾ.

ഇത്രയും തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെ ചരിത്രം. ഇനി ലീഗ് കേരള മുസ്‌ലിം സമൂഹത്തിലുണ്ടാക്കിയ ചലനങ്ങൾ ചെറുതായി വിവരിക്കാം.

ഇന്ത്യയിലെ മറ്റു സ്റ്റേറ്റുകളിൽ നിന്ന് ഭിന്നമായി മുസ്‌ലിംകളെ കേരളത്തിൽ ദേശീയ ജീവിതത്തിന്റെ മുഖ്യധാരയിലേക്കടുപ്പിക്കാൻ കഴിഞ്ഞു. വിദ്യാഭ്യാസരംഗത്ത് ലീഗിന്റെ ഭരണ പങ്കാളിത്തം വലിയ മാറ്റമുണ്ടാക്കിയിട്ടുണ്ട്. മലബാറിലെ പ്രാഥമിക വിദ്യാലയങ്ങൾ തൊട്ട് മുസ്‌ലിം മേനേജ്മെന്റിലുള്ള കോളേജുകളിൽ വരെ ഏർപ്പെടുത്തിയ ആധുനിക കോഴ്സുകൾ ഇതിനുദാഹരണമാണ്. ഫാറൂഖ് കോളേജ്, എം.ഇ.എസ് മമ്പാട് കോളേജ്, തിരൂരങ്ങാടി, തളിപ്പറമ്പ്, കൊണ്ടോട്ടി കോളേജുകൾ, ജാമിഅഃനൂരിയ്യ, തിരൂരങ്ങാടി യതീംഖാന, വളാഞ്ചേരി എം.ഇ.എസ് കോളേജ് തുടങ്ങിയ നിരവധി സ്ഥാപനങ്ങളുയർത്തുന്നതിൽ ലീഗിന്റെ പങ്കാളിത്തം അനിഷേധ്യമാണ്. അറബിക് കോളേജുകൾതൊട്ട് മുസ്‌ലിം എഞ്ചിനീയറിംഗ് കോളേജ് വരെ മലബാറിൽ സ്ഥാപിതമായതിൽ ലീഗിന് വ്യക്തമായ പങ്കുണ്ട്. മുസ്‌ലിം സ്ത്രീവിദ്യാഭ്യാസ പുരോഗതിയിൽ സി.എച്ച് വഹിച്ച പങ്കിനെ സി. അച്യുതമേനോൻ വരെ പ്രശംസിച്ചിട്ടുണ്ട്.

1921-ലെ മലബാർ കലാപം മലബാറിലെ മാപ്പിള സമുദായത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകൾക്ക് ഏൽപിച്ച ആഘാതം കനത്തതായിരുന്നു. മലബാർ മുസ്‌ലിംകൾക്കു നേതൃത്വമില്ലാതെ വന്ന കാലഘട്ടമായിരുന്നു അത്. മാപ്പിളമാരെ ഇളക്കിവിട്ട കോൺഗ്രസ് അവരെ കൈയൊഴിഞ്ഞതായി എം. പി.എസ് മേനോൻ ഐ.പി.എച്ച് പ്രസിദ്ധീകരിച്ച മലബാർ സമരചരിത്രത്തിൽ പറയുന്നു. ഈ ശൂന്യതയിൽനിന്ന് ഉയർന്നുവന്നതാണ് മലബാറിലെ മുസ്‌ലിംലീഗും, ഐക്യസംഘവുമെന്നാണ് ചരിത്ര പണ്ഡിതനായ ഡോ. എം. ഗംഗാധരൻ പറയുന്നത്. (മലബാർ സമരത്തിന്റെ ബാക്കിപത്രം-എം. ഗംഗാധരൻ). മലബാർ കലാപവും വിഭജനവും മലബാറിലും ഉത്തരേന്ത്യയിലും മുസ്‌ലിംകൾക്ക് മുമ്പിൽ ശൂന്യമായ ഒരു ഭാവി സൃഷ്ടിക്കുകയും അവരെ നിരാശയിലാഴ്ത്തുകയും ചെയ്തപ്പോൾ കേരളത്തിൽ മുസ്‌ലിംലീഗാണ് അവരെ ദേശീയ ജീവിതത്തിന്റെ മുഖ്യധാരയുമായടുപ്പിച്ചത് എന്ന് എൻ.വി കൃഷ്ണവാരിയർ പറയുന്നു. (1983 ഒക്ടോബറിൽ കുങ്കുമം വാരികയിൽ സി.എച്ചിനെക്കുറിച്ച് എഴുതിയ ലേഖനം).

ഉത്തരേന്ത്യയിൽനിന്ന് വ്യത്യസ്തമായ സാമുദായികാന്തരീക്ഷവും മതസൗഹാർദവും കേരളത്തിലുണ്ടാക്കുന്നതിലും മറ്റ് സമുദായങ്ങളുമായി മുസ്‌ലിം സമുദായത്തെ അടുപ്പിക്കുകന്നതിലും ദേശീയ ജീവിതത്തിന്റെ മുഖ്യധാരയിൽ അവരെ കൈപിടിച്ചാനയിക്കുന്നതിലും മുസ്‌ലിം ലീഗും സീതിസാഹിബ്, സി.എച്ച്, ബാഫഖി തങ്ങൾ തുടങ്ങിയ നേതാക്കളും വഹിച്ച പങ്ക് വലുതാണ്. കേരളത്തിന്റെ പ്രത്യേകാന്തരീക്ഷവും അതിന് സഹായകമായിട്ടുണ്ട് എന്ന വസ്തുതയും നിഷേധിക്കുന്നില്ല.

പിന്നാക്ക പ്രദേശങ്ങളുടെ വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക പുരോഗതി ന്യൂനപക്ഷങ്ങളുടെ വ്യക്തിനിയമങ്ങളുടെ സംരക്ഷണം, സാംസ്കാരിക വ്യക്തിത്വത്തിന്റെ നിലനിൽപ്പ്, സംവരണം തുടങ്ങിയ അവകാശങ്ങൾ സംരക്ഷിക്കൽ, വിശ്വാസസ്വാതന്ത്ര്യവും ആചാരസ്വാതന്ത്ര്യവും സംരക്ഷിക്കൽ തുടങ്ങി പല മേഖലകളിലും ലീഗ് അതിന്റെ കനത്ത സംഭാവനകളർപ്പിച്ചിട്ടുണ്ട്. ജനാധിപത്യത്തിനും മതേതരത്വത്തിനും ലീഗർപ്പിച്ച സംഭാവനകൾ വലുതാണ്. മലബാർ മുസ്‌ലിംകളുടെ കലാ-സാംസ്കാരിക വ്യക്തിത്വം സംരക്ഷിക്കുന്നതിലും ലീഗ് പങ്കുവഹിച്ചു. പിന്നാക്ക വിഭാഗങ്ങളുടെ ഐക്യവും, മുസ്‌ലിം സമൂഹത്തിന്റെ ഐക്യവും നിലനിർത്താനും ലീഗ് ശ്രമിച്ചു. ആറ് പതിറ്റാണ്ടിലേറെക്കാലം നീണ്ടുനിൽക്കുന്ന ഒരു സംഘടനയുടെ സംഭാവനകളും നേട്ടങ്ങളും വിശദമായി വിവരിക്കാൻ ഈ കുറിപ്പിൽ പ്രയാസമാണല്ലോ.

മലബാർ ജില്ലാ ലീഗ് സ്ഥാപിതമായത് 1937-ൽ. ആദ്യ പ്രസിഡന്റ് അറയ്ക്കൽ അബ്ദുർറഹ്മാൻ ആലി രാജ. ജനറൽ സെക്രട്ടറി സത്താർസേട്ട്. ജോ. സെക്രട്ടറി സീതി സാഹിബ്.

മലബാർ ജില്ലാ ലീഗിന്റെ രണ്ടാമത്തെ അധ്യക്ഷനും കേരള സംസ്ഥാന ലീഗിന്റെ പ്രഥമാധ്യക്ഷനും ബാഫഖി തങ്ങൾ. സ്റ്റേറ്റ് ലീഗിന്റെ പ്രഥമ സെക്രട്ടറി സീതിസാഹിബ്. രണ്ടാമത്തെ സെക്രട്ടറി സി.എച്ച് മുഹമ്മദ്കോയ.

ബാഫഖിതങ്ങൾക്ക് ശേഷം പൂക്കോയതങ്ങളും തുടർന്ന് ശിഹാബ് തങ്ങളും പ്രസിഡന്റുമാരായി. ഹമീദലി ശംനാട്, സാവാൻകുട്ടി, യു.എ ബീരാൻ, ബി.വി അബ്ദുല്ലക്കോയ എന്നിവരായിരുന്നു മുൻ ജനറൽ സെക്രട്ടറിമാർ. ഇപ്പോൾ സെക്രട്ടറി കൊരമ്പയിൽ അഹ്മദ് ഹാജിയാണ്.

സി.എച്ച്, അഹ്മദ് കുരിക്കൾ, അവുക്കാദർ കുട്ടി നഹ, ചാക്കീരി അഹ്മദ് കുട്ടി, യു.എ ബീരാൻ, ഇ. അഹ്മദ്, പി.കെ കുഞ്ഞാലിക്കുട്ടി, ഇ.ടി മുഹമ്മദ് ബശീർ, പി.കെ.കെ ബാവ, സി.ടി അഹമ്മദലി എന്നിവർ സംസ്ഥാന മന്ത്രിസഭകളിൽ ലീഗംഗങ്ങളായി. അഖിലേന്ത്യാ മുസ്‌ലിംലീഗ് നേതാവ് പി.എം. അബൂബക്കർ സാഹിബും മന്ത്രിയായിട്ടുണ്ട്.

സീതിസാഹിബ്, സി.എച്ച്, ബാവ ഹാജി, ചാക്കീരി എന്നിവർ നിയമസഭാ സ്പീക്കർമാരും ജാഫർഖാൻ, ഹംസക്കുഞ്ഞ്, സകരിയ്യാസേട്ട്, കൊരമ്പയിൽ അഹമ്മദ്ഹാജി എന്നിവർ ഡെപ്യൂട്ടി സ്പീക്കർമാരും സീതിഹാജി, കെ.പി.എ മജീദ് എന്നിവർ ചീഫ് വിപ്പുമായി.